8819
30/5/16

# GOVERNMENT OF KERALA

**Abstract**

General Education Department - Higher Secondary Education- Academic - Single Window System for admission to Plus One Course for the academic year 2016-17 - Prospectus Approved - Orders issued.

**GENERAL EDUCATION (U) DEPARTMENT**

**G.O. (Rt.) No.1687/2016/G. Edn.** **Dated, Thiruvananthapuram, 19.05.2016.**

Read: 1) Letter number ICT Cell/1601/16/HSE dated 15.04.2016 of the Director, Higher Secondary Education, Thiruvananthapuram.

2) Order dated 03.05.2016 of the Hon'ble High Court of Kerala in WP(C) No.14724/2016 filed by the Manager, KPRP Higher Secondary School, Kongad, Palakkad

## ORDER

As per the letter read as 1st paper above, the Director of Higher Secondary Education has furnished draft prospectus for Single Window System for admission to Plus One Course for the academic year 2016-17, for approval of the Government.

(2) Government have examined the proposal in detail and are pleased to approve the prospectus for Single Window system for admission to Plus One Course for the academic year 2015-16, as appended to this Government Order.

(3) Government also order the following.

(i) The 37 Higher Secondary Batches sanctioned vide GO(Ms) No.247/14/G.Edn dated 24.11.2014 which are not having minimum required number of students during 2015 – 16, are permitted to make admission during 2016 – 17 academic year only in relaxation of existing conditions subject to the proviso that the schools will attain minimum strength of 50 students during the current academic year. This will not be a claim for sanctioning additional posts in future.

(ii) The Director, Higher Secondary Education will ensure that no allotment is made against any unauthorized batches or against batches ceased to exist by virtue of Court Order.

(iii) Government here by clarify that the existing system of second languages that can be taught in a school will continue for the academic year 2016 – 17.

(4) The Director of Higher Secondary Education is permitted to resort admission against the Computer Science Batch of KPRP Higher Secondary School, Kongad, Palakkad during the academic year 2016 – 17, provisionally, subject to the outcome of the WP(C) No.14724/2016 filed by the Manager, KPRP Higher Secondary School, Kongad, Palakkad.

(5) Para (3) and (4) of this Government Order will also be part of the prospectus.

(By order of the Governor)
V.S.SENTHIL,
Additional Chief Secretary to Government.

To

The Director, Higher Secondary Education, Thiruvananthapuram.
The Advocate General, Ernakulam. (With C/L)
Co-Ordinator, ICT Cell, Poojappura, Thiruvananthapuram.
The Director, Information & Public Relation Department.
The Information Officer, Web and New Media (For uploading in Government website)
Stock File / Office Copy.

Forwarded / By Order,

Section Officer

# ഹയർ സെക്കണ്ടറി പ്രവേശനം 2016-17

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും, സുതാര്യവും, സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ എട്ട് വർഷമായി നടപ്പിലാക്കി വരുന്ന ഏക ജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെൻറ് സംവിധാനം ഈ വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2016-17 അധ്യയന വർഷത്തിലേക്കുള്ള പ്ലസ് വൺ പ്രവേശനത്തിനായി സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

## 1. പ്രവേശന യോഗ്യത

എസ്.എസ്.എൽ.സി (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, റ്റി.എച്ച്.എസ്.എൽ.സി ,തുടങ്ങിയ സ്കീമുകളിൽ പരീക്ഷ വിജയിച്ചവർക്കും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും, രാജ്യങ്ങളിൽ നിന്നും എസ്.എസ്.എൽ.സി ക്ക് തുല്യമായ പരീക്ഷ വിജയിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം. പൊതു പരീക്ഷയിലെ ഓരോ പേപ്പറിനും കുറഞ്ഞത് ഡി+ ഗ്രേഡോ തത്തുല്യമായ മാർക്കോ വാങ്ങി ഉന്നത പഠനത്തിന് യോഗ്യത നേടിയിരിക്കണം. എസ്.എസ്.എൽ.സി പഴയ സ്കീമിൽ പരീക്ഷ എഴുതിയവരുടേയും, ഗ്രേഡിങ് രീതിയിലുള്ള മൂല്യ നിർണയം നിലവിലില്ലാത്ത മറ്റു സ്കീമുകളിൽ പരീക്ഷ എഴുതിയവരുടേയും മാർക്കുകൾ ഗ്രേഡാക്കി മാറ്റിയ ശേഷമായിരിക്കും പ്രവേശനത്തിന് പരിഗണിക്കുന്നത്. മറ്റ് സ്കീമുകളിൽ പെട്ട അപേക്ഷകർ വിവിധ വിഷയങ്ങളുടെ ഒരോ പേപ്പറിനും അതാത് ബോർഡുകൾ നിശ്ചയിച്ചിട്ടുള്ള വിജയിക്കാനാവശ്യമായ മിനിമം മാർക്ക് നേടിയിരിക്കണം. സി.ബി എസ്.ഇ യുടെ പത്താം ക്ലാസ് പഠനത്തിന് ശേഷം സി.ബി.എസ്.ഇ സ്ട്രീമിൽ നിന്ന് മാറി ഉപരി പഠനം ആഗ്രഹിക്കുന്നവർ സി.ബി.എസ്സ്.ഇ യുടെ ബോർഡ് തല പരീക്ഷയിൽ പങ്കെടുക്കേണ്ടതാണെന്ന് 20/9/2009 ലെ സർക്കുലർ നമ്പർ 39 മുഖേന സി.ബി.എസ്സ്.ഇ തന്നെ നിഷ്കർഷിച്ചിട്ടുള്ളത് കണക്കിലെടുത്ത് ഈ പരീക്ഷയിൽ യോഗ്യത നേടുന്നവരെ മാത്രമെ ഏകജാലക പ്രവേശനത്തിനുള്ള മുഖ്യ അലോട്ട്മെൻറുകളിലേയ്ക്ക് പരിഗണിക്കുകയുള്ളു. ഇതിനായി 50 രൂപ മുദ്രപത്രത്തിൽ അപേക്ഷകരുടെ മാതാപിതാക്കൾ /രക്ഷകർത്താക്കൾ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യ പത്രം കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം. സാക്ഷ്യ പത്രത്തിൻെറ മാതൃക അനുബന്ധം 8 ആയി ചേർത്തിട്ടുണ്ട്. (സി.ബി.എസ്സ്.ഇ യുടെ സ്ക്കൂൾ തല പരീക്ഷയിൽ പങ്കെടുത്ത് യോഗ്യത നേടിയവരെ മുഖ്യ അലോട്ട്മെൻറിനു ശേഷമുള്ള ഒഴിവുകളിൽ പരിഗണിക്കുന്നതാണ്).

അപേക്ഷകർക്ക് 2016 ജൂൺ മാസം ഒന്നിന് പതിനഞ്ച് വയസ് പൂർത്തിയായിരിക്കണം. എന്നാൽ ഇരുപത് വയസ് കവിയാൻ പാടില്ല. കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി പരീക്ഷ വിജയിക്കുന്ന അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയില്ല. മറ്റ് ബോർഡുകളുടെ പരീക്ഷകൾ വിജയിച്ച അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയിലും, ഉയർന്ന പ്രായപരിധിയിലും ആറ് മാസം വരെ ഇളവ് അനുവദിക്കുവാൻ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് അധികാരമുണ്ട്. കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി വിജയിച്ച അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ ആറ് മാസം വരെ ഇളവ് അനുവദിക്കുവാൻ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരമുണ്ട്. പട്ടിക ജാതി/പട്ടിക വർഗ വിഭാഗത്തിൽപെട്ട അപേക്ഷകർക്ക് ഉയർന്ന പ്രായ പരിധിയിൽ രണ്ട് വർഷം വരെ ഇളവ് അനുവദിക്കും. അന്ധരോ, ബധിരരോ, ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരോ ആയവർക്ക് ഇരുപത്തിയഞ്ച് വയസ് വരെ അപേക്ഷിക്കാം.

## 2 അപേക്ഷ സമർപ്പിക്കേണ്ട വിധം

2.1. **അപേക്ഷകർക്ക് സ്വന്തമായോ ,അല്ലെങ്കിൽ പത്താം തരം പഠിച്ചിരുന്ന ഹൈസ്കൂളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും അതുപോലെ തന്നെ ആ പ്രദേശത്തെ ഗവണ്മെൻറ്/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും പ്രയോജനപ്പെടുത്തി പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. (അനുബന്ധം 6 കാണുക.)** അപേക്ഷ അന്തിമമായി സമർപ്പിച്ച ശേഷം നൽകിയ വിവരങ്ങൾ മാറ്റാവുന്നതല്ല. അപേക്ഷകൾ ഓൺ ലൈനായി സമർപ്പിച്ച ശേഷം അപേക്ഷയുടെ പ്രിൻറൗട്ടിൻെറ കോപ്പിയിൽ നിർദ്ദിഷ്ട സ്ഥാനത്ത് വിദ്യാർഥിയും രക്ഷകർത്താവും ഒപ്പ് വച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകളും സഹിതം ബന്ധപ്പെട്ട ജില്ലയിലെ ഏതെങ്കിലും ഒരു ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പളിന് യഥാസമയം സമർപ്പിക്കേണ്ടതാണ്. വേരിഫിക്കേഷനായി സമർപ്പിക്കുന്ന സമയത്തു അപേക്ഷയുടെ ഫീസായ 25 രൂപ അടക്കേണ്ടതാണ്

യാതൊരു കാരണവശാലും ഒരു റവന്യൂ ജില്ലയിലേയ്ക്ക് ഒരു വിദ്യാർഥി ഒന്നിൽ കൂടുതൽ അപേക്ഷകൾ മെരിറ്റ് സീറ്റിലേയ്ക്ക് സമർപ്പിക്കുവാൻ പാടില്ല. ഒന്നിലധികം റവന്യൂ ജില്ലകളിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രവേശനം തേടുന്നവർ ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷ നൽകേണ്ടതാണ്. സ്കൂളിൽ അപേക്ഷ സമർപ്പിച്ച് കഴിഞ്ഞാൽ അപേക്ഷാ ഫാറത്തിലുള്ള അക്നോളജ്മെൻറ് സ്ലിപ്പ് പ്രിൻസിപ്പൽ ഒപ്പ് വച്ച് സ്കൂൾ സീലും പതിച്ച് അപേക്ഷകന് തിരികെ നൽകുന്നതാണ്. അപേക്ഷയെക്കുറിച്ചുള്ള എല്ലാ അന്വേഷണങ്ങൾക്കും ഈ അക്നോളജ്മെൻറ് സ്ലിപ്പും അതിലുള്ള അപേക്ഷാ നമ്പറും ആവശ്യമായതിനാൽ സ്ഥിര പ്രവേശനം ലഭിക്കുന്നത് വരെ അപേക്ഷകർ ഇത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി യുടെ/തത്തുല്യമായ പരീക്ഷയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ,ബോണസ് പോയിൻറും മറ്റ് ആനുകൂല്യങ്ങളും അവകാശപ്പെടുന്ന പക്ഷം അവയുടെ അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സമർപ്പിക്കേണ്ടതാണ്. 2016 ൽ എസ്.എസ്.എൽ.സി (കേരള) വിജയിച്ച വിദ്യാർഥികൾ അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിൻെറ കമ്പ്യൂട്ടർ പ്രിൻറൗട്ട് ഹാജരാക്കിയാലും മതി. അപേക്ഷകൻെറ ജാതി, മതം, ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, താലൂക്ക് മുതലായ വിവരങ്ങൾ എസ്.എസ്.എൽ.സി മാർക്ക് ലിസ്റ്റിലുണ്ടെങ്കിൽ ഇത് തെളിയിക്കുന്നതിന് മറ്റ് സർട്ടിഫിക്കറ്റുകൾ ആവശ്യമില്ല. മാർക്ക് ലിസ്റ്റിൽ ഇല്ലാത്ത ഏതെങ്കിലും വിവരങ്ങൾ നൽകി ആനുകൂല്യങ്ങൾ അവകാശപ്പെടുന്നെങ്കിൽ ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കണം.

2.2 അപേക്ഷ സമർപ്പണ സമയത്ത് ജില്ലയ്ക്ക് / സംസ്ഥാനത്തിന് പുറത്തുള്ളവർക്ക് പ്രയോജനം ലഭിക്കുന്നതിനായി അപേക്ഷകർക്ക് തന്നെ അപേക്ഷകൾ ഓൺലൈനായും സമർപ്പിക്കാവുന്നതാണ്. **(അനുബന്ധം 6 കാണുക.)** അപേക്ഷകൾ ഓൺ ലൈനായി സമർപ്പിച്ച ശേഷം അപേക്ഷയുടെ പ്രിൻറൗട്ടിൻെറ കോപ്പിയിൽ നിർദ്ദിഷ്ട സ്ഥാനത്ത് വിദ്യാർഥിയും രക്ഷകർത്താവും ഒപ്പ് വച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകളും സഹിതം ബന്ധപ്പെട്ട ജില്ലയിലെ നിർദ്ദിഷ്ട ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പളിന് വേരിഫിക്കേഷനായി തപാൽ മാർഗം അയച്ചുകൊടുക്കേണ്ടതാണ്. ജില്ലയിലെ നിർദ്ദിഷ്ട സ്കൂൾ വിശദാംശങ്ങൾ **അനുബന്ധം 7 ആയി**

ചേർത്തിട്ടുണ്ട്. ടി സ്കൂൾ പ്രിൻസിപ്പലിന്റെ പേരിൽ ഡി.ഡി ആയി അപേക്ഷാ ഫാറത്തിന്റെ നിർദ്ദിഷ്ട ഫീസും (25/- രൂപ) അപേക്ഷയോടൊപ്പം അയച്ചുകൊടുക്കേണ്ടതാണ്.

**സ്കൂൾ അധികാരികൾ വിദ്യാർഥി ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ കൃത്യത ഉറപ്പ് വരുത്തുന്നതും അപ്രകാരം ഉറപ്പ് വരുത്തിയ അപേക്ഷകൾ മാത്രമേ അലോട്ട്മെൻറ് പ്രക്രിയയ്ക്ക് പരിഗണിക്കുകയുള്ളൂ.**

## 3. മാനേജ്മെൻറ് , കമ്യൂണിറ്റി , അൺ-എയ്ഡഡ് ക്വാട്ട സീറ്റുകളിലെ പ്രവേശനം

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിന് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യത നേടിയവരെ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ മാനേജ്മെൻറ് ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതിനുള്ള അധികാരം അതത് മാനേജ്മെൻറുകളിൽ നിക്ഷിപ്തമാണ്. ഒന്നാം വർഷ പ്രവേശനത്തിന് മുൻപായി സ്കൂൾ പ്രിൻസിപ്പാൾ പരിശോധിച്ച് ഉറപ്പുവരുത്തിയ സീറ്റ്മെട്രിക്സ് പ്രകാരം തന്നെയാണ് വിവിധ ക്വാട്ടകളിലെ പ്രവേശനം എന്നത് അതത് സ്കൂൾ പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്. മാനേജ്മെൻറ്, കമ്യൂണിറ്റി , അൺ-എയ്ഡഡ് ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ അതത് സ്കൂളിൽ നിന്നും ഈ ആവശ്യത്തിനായി ലഭിക്കുന്ന പ്രത്യേക അപേക്ഷാ ഫാറം വാങ്ങി പൂരിപ്പിച്ച് അതത് സ്കൂളിൽ തന്നെ നൽകേണ്ടതാണ്. ഏകജാലക പ്രവേശനത്തിന്റെ അപേക്ഷാ ഫാറം മാനേജ്മെൻറ്/കമ്യൂണിറ്റി / അൺ-എയ്ഡഡ് ക്വാട്ട സീറ്റുകളിലേയ്ക്ക് ഉപയോഗിക്കുവാൻ പാടില്ല.

പിന്നോക്ക / ന്യൂനപക്ഷ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്യൂണിറ്റി ക്വാട്ട സീറ്റുകളിൽ അതത് സമുദായത്തിൽപെട്ട അപേക്ഷകരിൽ നിന്ന് മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തേണ്ടതാണ്. **കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ ഒറ്റ ഘട്ടമായി (സേ പാസ്സായ അപേക്ഷകർ ഉൾപ്പടെ)നടക്കുന്നതിനാൽ അവശ്യം വേണ്ടുന്ന പബ്ലിസിറ്റി നൽകി അതത് സമുദായത്തിലുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുവാൻ പ്രിസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്. കമ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് "കമ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് ജനറേറ്റർ സോഫ്റ്റ് വെയർ"ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കുന്നതാണ്.** കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് / സെലക്ട് ലിസ്റ്റുകൾ മുഖ്യഘട്ടത്തിലെ അവസാന അലോട്ട്മെൻറ് പ്രസിദ്ധീകരിച്ച ശേഷം മാത്രമെ പ്രസിദ്ധീകരിക്കുവാനും അഡ്മിഷൻ പ്രക്രിയ ആരംഭിക്കുവാനും പാടുള്ളു. **കമ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് അതത് സമുദായങ്ങളിൽ നിന്ന് മതിയായ അപേക്ഷകരില്ലെങ്കിൽ അങ്ങനെ ഒഴിവ് വരുന്ന സീറ്റുകൾ പൊതു മെരിറ്റ് സീറ്റായി പരിഗണിച്ച് അലോട്ട്മെൻറ് നടത്തുന്നതിനായി പ്രിൻസിപ്പൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലേക്ക് രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനു മുൻപായെങ്കിലും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതിന് വിരുദ്ധമായി നടത്തുന്ന പ്രവേശനങ്ങൾ പുന:പരിശോധിക്കുവാനും ആവശ്യമെങ്കിൽ റദ്ദ് ചെയ്യുവാനുമുള്ള അധികാരം ഹയർ സെക്കണ്ടറി ഡയറക്ടറിൽ നിക്ഷിപ്തമാണ്.**

അൺ-എയ്ഡഡ് ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതിനുള്ള അധികാരം അതത് മാനേജ്മെൻറുകളിൽ നിക്ഷിപ്തമാണ്. പ്രസ്തുത ക്വാട്ടയിലെ സീറ്റുകളിൽ 40% മെരിറ്റ് , 12% പട്ടികജാതി സംവരണം, 8% പട്ടികവിഭാഗ സംവരണം ,40% മാനേജ്മെൻറ് ക്വാട്ട എന്ന പ്രകാരത്തിലാണ് പ്രവേശനം നടത്തേണ്ടത്.

സ്കൂൾ തലത്തിൽ പ്രവേശനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് മുഖ്യഘട്ടത്തിലെ അവസാന അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചശേഷം മാത്രമെ പ്രസിദ്ധീകരിക്കുവാനും അഡ്മിഷൻ പ്രക്രിയ ആരംഭിക്കുവാനും പാടുള്ളു. ഇപ്രകാരമുള്ള പ്രവേശനങ്ങളുടെ ഗ്രേഡ് പോയിൻറ് അടക്കമുള്ള വിശദാംശങ്ങൾ സ്കൂൾ നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്. (റാങ്ക് ലിസ്റ്റിൽ എസ്.എസ്.എൽ.

സി. രജിസ്റ്റർ നമ്പർ,വിദ്യാർത്ഥിയുടെ പേര്, ജെൻഡർ ,ജനനതീയതി, കാറ്റഗറി, WGPA , റാങ്ക് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കണം.)

**4.അഡ്മിഷൻ കമ്മിറ്റി**

ഹയർ സെക്കണ്ടറി പ്രവേശന നടപടികളുടെ നിർവഹണത്തിന് സ്കൂൾ പ്രിൻസിപ്പൾ കൺവീനറായി അഞ്ചംഗ അഡ്മിഷൻ കമ്മറ്റിയുണ്ടായിരിക്കും. പ്രസ്തുത കമ്മറ്റിയിൽ കമ്പ്യൂട്ടർ അധ്യാപകൻ / കമ്പ്യൂട്ടർ പരിജ്ഞാനമുള്ള അധ്യാപകനടക്കം നാല് സീനിയർ ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകർ ഉണ്ടായിരിക്കുന്നതാണ്. കമ്മറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ മേൽനോട്ടവും **പ്രവേശനം സംബന്ധിച്ച കാര്യങ്ങളുടെ പൂർണ ഉത്തരവാദിത്തവും അതത് സ്കൂൾ പ്രിൻസിപ്പളിൽ നിക്ഷിപ്തമാണ്.**

**5. ഹെൽപ്പ് ഡസ്ക്കുകൾ**

അപേക്ഷ ഓൺലൈൻ സമർപ്പണം., അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കൽ തുടങ്ങി സ്കൂൾ പ്രവേശനം സംബന്ധിച്ച് വിദ്യാർഥികൾക്കുണ്ടാകുന്ന എല്ലാ സംശയങ്ങളും പരിഹരിക്കുന്നതിന് സ്കൂൾ തലത്തിൽ അധ്യാപകരും രക്ഷകർതൃ സമതി അംഗങ്ങളും ഉൾപ്പെടുന്ന ഹെൽപ്പ് ഡസ്ക് പ്രവേശന പ്രക്രിയ അവസ്സാനിക്കുന്നത് വരെ സ്കൂളിൽ പ്രവർത്തിക്കുന്നതാണ്. **സ്കൂൾ തലത്തിലെ ഹെൽപ്പ് ഡസ്ക്കിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഉത്തരവാദിത്വവും അതത് പ്രിൻസിപ്പൽമാർക്കായിരിക്കും.** ഇതു കൂടാതെ അധ്യാപകരുടേയും വിദ്യാർഥികളുടേയും സംശയങ്ങൾ ദുരീകരിക്കാൻ ജില്ലാ തലത്തിലും, മേഖലാ തലത്തിലും, സംസ്ഥാന തലത്തിലും ഹെൽപ്പ് ഡസ്ക്കുകൾ ഉണ്ടായിരിക്കും. ജില്ലാ തലത്തിൽ ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിലും, മേഖലാ തലത്തിൽ മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലും, സംസ്ഥാന തലത്തിൽ, അക്കാഡമിക് വിഭാഗം ജോയിൻറ് ഡയറക്ടറുടെ നേതൃത്വത്തിലും ആയിരിക്കും ഹെൽപ്പ് ഡസ്ക്കുകൾ പ്രവർത്തിക്കുക.

**6. അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കൽ**

**തെറ്റായി വിവരങ്ങൾ നൽകി ലഭിക്കുന്ന അലോട്ട്മെൻറ് റദ്ദ് ചെയ്യുകയും അങ്ങനെയുള്ള അപേക്ഷകരുടെ പ്രവേശന സാധ്യത ഇല്ലാതാകുകയും ചെയ്യുന്നതാണ്. അതിനാൽ അപേക്ഷാ വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടത് അപേക്ഷകരുടെ സ്വന്തം ഉത്തരവാദിത്തമാണ്.** അപേക്ഷയിലെ വിവരങ്ങൾ വെബ് സൈറ്റ് മുഖേന പരിശോധിക്കാൻ അപേക്ഷകർക്ക് അവസരം ലഭിക്കും. ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ അഡ്മിഷൻ പോർട്ടലായ www.hscap.kerala.gov.in സന്ദർശിച്ച് അപേക്ഷ കാണുന്നതിനുള്ള "view your application"എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പരും ജനന തീയതിയും ടൈപ്പ് ചെയ്ത് സബ്മിറ്റ് ചെയ്യാൽ വിദ്യാർഥിയുടെ അപേക്ഷാ വിവരങ്ങൾ കാണാം.

അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നത് മുതൽ അപേക്ഷാ വിവരങ്ങൾ പരിശോധിക്കാം. അപേക്ഷകൾ സ്കൂളിൽ ലഭിക്കുന്ന മുറയ്ക്ക് സ്കൂൾ അധികൃതർ വെരിഫിക്കേഷൻ ചെയ്യും. എല്ലാ അപേക്ഷകരും നിർബന്ധമായും വെബ് സൈറ്റിലെ അപേക്ഷാ വിവരങ്ങൾ സ്വയമോ മറ്റുള്ളവരുടെ സഹായത്തോടെയോ പരിശോധിക്കണം. തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ അപേക്ഷകൾ നൽകിയ സ്കൂളിലെ പ്രിൻസിപ്പലിനെ നിശ്ചിത സമയത്തിനുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതും തുടർന്ന് ആവശ്യമായ തിരുത്തലുകൾ വരുത്തി എന്ന് ഉറപ്പാക്കേണ്ടതുമാണ്. പ്രസ്തുത സ്കൂളിലെ പ്രിൻസിപ്പൽ അപേക്ഷകന്റെ പരാതി കൈപ്പറ്റിയതിന്റെ രസീത് അപേക്ഷകന് നൽകുന്നതാണ്.

**7. ട്രയൽ അലോട്ട്മെൻറ്**

അപേക്ഷകരായ വിദ്യാർഥികൾക്ക് അവസാനവട്ട പരിശോധനയും തിരുത്തലുകളും വരുത്തുന്നതിനായി ആദ്യ അലോട്ട്മെൻറ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ഒരു ട്രയൽ അലോട്ട്മെൻറ് നടത്തുന്നതും ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. **അപേക്ഷാ വിവരങ്ങളിൽ എന്തെങ്കിലും തെറ്റുകൾ അവശേഷിക്കുന്നുണ്ടെങ്കിൽ തിരുത്താൻ നിശ്ചിത മാതൃകയിൽ അപേക്ഷ നൽകാവുന്നതാണ്. തെരഞ്ഞെടുത്ത സ്കൂളുകളും സബ്ജെക്ട് കോംബിനേഷനും ഉൾപ്പടെയുള്ള മാറ്റങ്ങൾ ഈ ഘട്ടത്തിലും അനുവദിക്കും.** തിരുത്തുവാനുള്ള അപേക്ഷ കൈപ്പറ്റിയതിന്റെ രസീത് ഈ ഘട്ടത്തിലും അപേക്ഷകന് നൽകുന്നതാണ്. നിശ്ചിത സമയത്തിന് ശേഷം യാതൊരു കാരണവശാലും തിരുത്തലുകൾ അനുവദിക്കുന്നതല്ല.

**8. അലോട്ട്മെൻറ് പ്രക്രിയ**

രണ്ട് അലോട്ട്മെൻറുകൾ അടങ്ങുന്ന മുഖ്യ അലോട്ട്മെൻറ് പ്രക്രിയയ്ക്ക് ശേഷം ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സപ്ലിമെൻററി അലോട്ട്മെൻറുകൾ നടത്തും.മുഖ്യ അലോട്ട്മെൻറ് പ്രക്രിയ അവസാനിക്കുന്നതോടെ താൽക്കാലിക പ്രവേശനത്തിൽ തുടരുന്ന വിദ്യാർഥികൾ പ്രവേശനം നിർബന്ധമായി സ്ഥിരപ്പെടുത്തണം. എന്നാൽ മുഖ്യ അലോട്ട്മെൻറ് പ്രക്രിയ അവസാനിച്ചിട്ടും കൂടുതൽ ഇഷ്ടപ്പെട്ട സ്കൂളും, കോംബിനേഷനും ലഭിക്കാത്തവർക്ക് സ്കൂൾ മാറ്റത്തിനോ സ്കൂളിനുള്ളിൽ തന്നെ കോംബിനേഷൻ മാറ്റത്തിനോ അപേക്ഷിക്കാം. **ഏകജാലക സംവിധാനത്തിൽ അഡ്മിഷൻ നേടിയവർക്ക് മാത്രം ഒഴിവുള്ള പക്ഷം മെരിറ്റടിസ്ഥാനത്തിൽ ഈ മാറ്റങ്ങൾ അനുവദിക്കും. മുഖ്യഘട്ടത്തിൽ ഒന്നാം ഓപ്ഷൻ പ്രകാരം പ്രവേശനം നേടിയവർക്ക് സ്കൂൾ/കോമ്പിനേഷൻ മാറ്റത്തിനായി അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുകയില്ല.** നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ അഡ്മിഷൻ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കും. ഇങ്ങനെ പ്രസിദ്ധീകരിക്കുന്ന ഒഴിവുകളിലേയ്ക്കും സ്കൂൾ/കോംബിനേഷൻ മാറ്റങ്ങൾ മൂലമുണ്ടാകുന്ന ഒഴിവുകളിലേയ്ക്കും മാത്രമായിരിക്കും മാറ്റങ്ങൾ അനുവദിക്കുക.

മുഖ്യ അലോട്ട്മെൻറുകളിൽ പ്രവേശനം ലഭിച്ച വിദ്യാർഥികൾക്ക് സ്കൂൾ/കോംബിനേഷൻ മാറ്റങ്ങൾ അനുവദിച്ച ശേഷം മാത്രമായിരിക്കും സപ്ലിമെൻററി അലോട്ട്മെൻറുകൾ നടത്തുക. സപ്ലിമെൻററി അലോട്ട്മെൻറിന് അപേക്ഷ ക്ഷണിക്കുന്നതിന് മുൻപ് ഒഴിവുള്ള സീറ്റുകളുടെ വിവരങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷ നൽകിയിട്ടും മുഖ്യ അലോട്ട്മെൻറുകളിലൊന്നിലും ഇടം **നേടാൻ കഴിയാത്തവർ സപ്ലിമെൻററി അലോട്ട്മെൻറുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനായി നിലവിലുള്ള അപേക്ഷ പുതുക്കണം. അപേക്ഷ പുതുക്കുന്നതോടൊപ്പം നിലവിലുള്ള ഒഴിവുകളുടെ** അടിസ്ഥാനത്തിൽ ഓപ്ഷനുകൾ പുതുക്കി നൽകണം. സപ്ലിമെൻററി അലോട്ട്മെൻറിനായി പ്രസിദ്ധീകരിക്കുന്ന ഒഴിവുള്ള സ്കൂൾ / കോമ്പിനേഷനുകൾ മാത്രമേ ഓപ്ഷനുകളായി തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളൂ. **സപ്ലിമെൻററി അലോട്ട്മെൻറിന് വേണ്ടി തയ്യാറാക്കുന്ന പുതിയ റാങ്ക് ലിസ്റ്റനുസരിച്ച് ഈ അപേഷകരെ വീണ്ടും പ്രവേശനത്തിനായി പരിഗണിക്കും. എന്നാൽ അപേക്ഷ പുതുക്കാതിരുന്നാൽ അലോട്ട്മെൻറിന് വേണ്ടി പരിഗണിക്കില്ല.** നേരത്തെ അപേക്ഷ നൽകാതിരുന്നവർക്കും സപ്ലിമെൻററി അലോട്ട്മെൻറിനു വേണ്ടി അപേക്ഷ നൽകാം. **സി.ബി.എസ്.ഇ യുടെ സ്കൂൾ തല പരീക്ഷയിൽ യോഗ്യത നേടിയവരേയും,** [illegible] **ഈ ഘട്ടത്തിലായിരിക്കും പരിഗണിക്കുക. എന്നാൽ നിലവിൽ പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർഥികൾ ഈ ഘട്ടത്തിൽ വീണ്ടും അപേക്ഷിക്കുവാൻ പാടില്ല. അലോട്ട്മെൻറ് ലഭിച്ചിട്ടും നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവേശനം നേടാത്ത അപേക്ഷകരെ തുടർന്നുള്ള അലോട്ട്മെൻറുകളിൽ പരിഗണിക്കുന്നതല്ല.** അപേക്ഷകരുള്ള പക്ഷം സപ്ലിമെൻററി

അലോട്ട്മെൻറുകൾക്ക് ശേഷം ഒരിക്കൽ കൂടി സ്കൂൾ/കോംബിനേഷൻ മാറ്റങ്ങൾ അനുവദിക്കുന്നതാണ്.

## 9 . സ്ഥിരപ്രവേശനം, താല്ക്കാലിക പ്രവേശനം

ഒന്നാം ഓപ്ഷൻ പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ് നൽകി നിശ്ചിത സമയത്തിനുള്ളിൽ സ്കൂളിൽ സ്ഥിരപ്രവേശനം നേടണം. ഫീസടച്ചില്ലെങ്കിൽ ഈ സീറ്റുകൾ ഒഴിഞ്ഞതായി കണക്കാക്കുന്നതാണ്. ഈ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് പിന്നീട് അവസരം ലഭിക്കുന്നതല്ല. താഴ്ന്ന ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിക്കുകയും തുടർന്നുള്ള അലോട്ട്മെന്റുകളിൽ ഉയർന്ന ഓപ്ഷനിലേക്കുള്ള മാറ്റം പ്രതീക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ താല്ക്കാലിക പ്രവേശനം നേടിയാൽ മതി. ഹയർസെക്കൻഡറി പ്രവേശനയോഗ്യത തെളിയിക്കാനുള്ള അസ്സൽ രേഖകൾ സ്കൂൾ പ്രിൻസിപ്പലിനെ ഏൽപ്പിച്ചാൽ താല്ക്കാലിക പ്രവേശനം ലഭിക്കുന്നതാണ്. താല്ക്കാലിക പ്രവേശനം നേടാൻ ഫീസടക്കേണ്ടതില്ല. മെച്ചപ്പെട്ട ഓപ്ഷൻ ലഭിച്ച ശേഷം താല്ക്കാലിക പ്രവേശനം നേടിയിരുന്ന സ്കൂളിൽ നിന്നും അസ്സൽ സർട്ടിഫിക്കറ്റുകൾ വാങ്ങി പുതിയ സ്കൂളിൽ നൽകി പ്രവേശനം നേടിയാൽ മതി. മുഖ്യ അലോട്ട്മെന്റുകൾ കഴിയുന്നത് വരെ ഇങ്ങനെ താല്ക്കാലിക അഡ്മിഷനിൽ തുടരാം. താഴ്ന്ന ഓപ്ഷനിൽ അഡ്മിഷൻ ലഭിച്ചശേഷം ലഭിച്ച അഡ്മിഷൻ സ്ഥിരപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്ക് ഉയർന്ന ഓപ്ഷനുകൾ റദ്ദാക്കിക്കൊണ്ട് ഫീസടച്ച് സ്ഥിരപ്രവേശനം നേടാം. അങ്ങിനെ തീരുമാനിക്കുന്നവർ ഉയർന്ന ഓപ്ഷൻ റദ്ദ് ചെയ്യാൻ ആഗ്രഹിക്കുന്ന വിവരം പ്രവേശനം നേടുന്ന ദിവസം തന്നെ സ്കൂൾ പ്രിൻസിപ്പലിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. തെരഞ്ഞെടുത്ത ഏതാനും ഉയർന്ന ഓപ്ഷനുകൾ മാത്രമായും ക്യാൻസൽ ചെയ്യാവുന്നതാണ്. ഉയർന്ന ഓപ്ഷൻ റദ്ദ് ചെയ്യാത്ത വിദ്യാർത്ഥികൾ തുടർന്ന് വരുന്ന അലോട്ട്മെന്റുകളിൽ ഉയർന്ന ഓപ്ഷൻ ലഭിച്ചാൽ നിർബന്ധമായും പുതിയ അലോട്ട്മെന്റിലേക്ക് മാറിപ്പോകണം. സ്ഥിരപ്രവേശനത്തിനും താല്ക്കാലിക പ്രവേശനത്തിനും യോഗ്യത തെളിയിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കണം. അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ലെങ്കിൽ പ്രവേശനം ലഭിക്കില്ല. ഓരോ അലോട്ട്മെന്റിനോടൊപ്പവും അറിയിക്കുന്ന പ്രവേശനദിവസങ്ങളിൽതന്നെ പ്രവേശനം നേടാത്തവർക്ക് പിന്നിടവസരം ലഭിക്കുന്നതല്ല. പ്രവേശനപ്രക്രിയ അവസാനിക്കുന്നതുവരെ മെറിറ്റ് സീറ്റുകളിലേക്കുള്ള എല്ലാ പ്രവേശനങ്ങളും സ്കൂൾ മാറ്റങ്ങളും ഏകജാലക സംവിധാനം വഴി മാത്രമായിരിക്കും നടക്കുന്നത്. [illegible] ഓരോ അലോട്ട്മെന്റിനുശേഷവും സ്കൂളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഈ ലിസ്റ്റ് പരിശോധിക്കാവുന്നതാണ്.

## 10 ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷിക്കുന്ന രീതി

ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചവർക്ക് അപേക്ഷിച്ച ജില്ലകളിലെല്ലാം ഒരേ സമയം അലോട്ട്മെന്റ് ലഭിച്ചാൽ അവർ ഏതെങ്കിലും ഒരു ജില്ലയിൽ മാത്രം പ്രവേശനം നേടേണ്ടതും അതോടെ മറ്റുള്ള ജില്ലകളിലെ ഓപ്ഷനുകൾ തനിയെ റദ്ദാകുന്നതുമാണ്. പ്രവേശനം നേടിയ ജില്ലയിൽ ആവശ്യമെങ്കിൽ താല്ക്കാലിക അഡ്മിഷനിൽ തുടർന്ന് കൊണ്ട് അതേ ജില്ലയിലെ മെച്ചപ്പെട്ട ഓപ്ഷനുകൾക്ക് വേണ്ടി കാത്തിരിക്കാം. എന്നാൽ ആദ്യം ഒരു ജില്ലയിൽ മാത്രം അലോട്ട്മെന്റ് ലഭിക്കുകയും അതനുസരിച്ച് പ്രവേശനം നേടിയ ശേഷം തുടർന്നുള്ള അലോട്ട്മെന്റിൽ മറ്റൊരു ജില്ലയിൽ പുതുതായി അലോട്ട്മെന്റ് ലഭിച്ചാൽ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാവുന്നതാണ്. തുടർന്ന് പുതുതായി പ്രവേശനം നേടിയ ജില്ലയിലെ ഉയർന്ന ഓപ്ഷനുകളിലേക്ക് മാത്രമേ ഈ വിദ്യാർത്ഥിക്ക് മാറാൻ കഴിയൂ. ആദ്യ ജില്ലയിലെ ഓപ്ഷനുകൾ തനിയെ റദ്ദാകും.

11 <u>ബോണസ് പോയിന്റിന് അർഹതയുള്ള വിഭാഗങ്ങൾ</u>

| വിഭാഗം | ബോണസ് പോയിന്റ് |
|---|---|
| കൃത്യനിർവ്വഹണത്തിനിടയിൽ മരണമടഞ്ഞ ജവാൻമാരുടെമക്കൾക്ക് (നിയമപരമായി അവർ ദത്തെടുത്ത മക്കൾക്കും ഈ ആനുകൂല്യത്തിനർഹതയുണ്ട്) | 5 |
| ജവാൻമാരുടെയും എക്സ് സർവ്വീസുകാരുടെയും (ആർമി/നേവി/എയർ ഫോഴ്സ് മുതലായവ മാത്രം) മക്കൾക്ക്/നിയമപരമായി അവർ ദത്തെടുത്ത മക്കൾക്ക് | 3 |
| എൻ.സി.സി.(75 ശതമാനത്തിൽ കുറയാത്ത ഹാജർ കേഡറ്റിനുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം)/ സ്കൗട്ട് & ഗൈഡ് (രാഷ്ട്രപതി പുരസ്കാർ/രാജ്യപുരസ്കാർ നേടിയവർക്ക് മാത്രം)/ നീന്തൽ അറിവ് (അപേക്ഷകൻ താമസിക്കുന്ന കോർപറേഷൻ/ മുനിസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം)/സ്റ്റുഡൻറ് പോലിസ് കേഡറ്റുകൾ(GO(No) 214/2012/Home dated 04/08/2012 വിവക്ഷിച്ചമാതിരി.) | 2 |
| അതേ സ്കൂളിലെ വിദ്യാർത്ഥി | 2 |
| അതേ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | 2 |
| അതേ താലൂക്ക് | 1 |
| ഗവ./എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളില്ലാത്ത ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് അതേ താലൂക്കിലെ മറ്റ് സ്കൂളുകളിൽ നൽകുന്ന ഗ്രേഡ് പോയിന്റ് | 2 |
| കേരള സംസ്ഥാന ബോർഡ് നടത്തുന്ന പൊതു പരീക്ഷയിൽ എസ്.എസ്.എൽ.സി (കേരള സിലബസ്) യോഗ്യത നേടുന്നവർ | 3 |

12 <u>മൈനസ് പോയിന്റ്</u>

ആദ്യതവണ തന്നെ യോഗ്യതാപരീക്ഷ പാസാകാത്ത അപേക്ഷകരുടെ ആകെ ഗ്രേഡ് പോയിന്റിൽ നിന്നും ചാൻസൊന്നിന് ഒരു പോയിന്റ് എന്ന തരത്തിൽ കുറവ് ചെയ്യും. എന്നാൽ ആദ്യമായി എസ്. എസ്. എൽ.സി. പരീക്ഷ എഴുതിയ വർഷം തന്നെ സേ പരീക്ഷയെഴുതി വിജയിച്ച് അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾക്ക് മൈനസ് പോയിന്റ് ബാധകമല്ല.

13 സീറ്റ് സംവരണം

| വിഭാഗം | സർക്കാർ സ്കൂളുകൾ | എയിഡഡ് സ്കൂളുകൾ | ന്യൂനപക്ഷ/ പിന്നോക്ക സമുദായ എയിഡഡ് മാനേജ്മെന്റ് സ്കൂളുകൾ |
|---|---|---|---|
| ഓപ്പൺ മെരിറ്റ് | 52% | 50% | 40% |
| മാനേജ്മെന്റ് ക്വാട്ട | ഇല്ല | 30% | 40% (20% അതത് സമുദായത്തിലെ അപേക്ഷകർക്ക് മെരിറ്റ് അടിസ്ഥാനത്തിലും 20% മാനേജ്മെന്റ് ക്വാട്ടയിലും) |
| ഈഴവ ,തിയ്യ, ബില്ലവ ഉൾപ്പെടെ (ETB) | 8% | ഇല്ല | ഇല്ല |
| മുസ്ലിം | 7% | ഇല്ല | ഇല്ല |
| ലത്തീൻകത്തോലിക്ക, SIUC വിഭാഗക്കാരും,ആംഗ്ലോ ഇൻഡ്യനും (LSA) | 3% | ഇല്ല | ഇല്ല |
| മറ്റ് പിന്നോക്ക ക്രിസ്തിയ സമുദായങ്ങൾ (OBX) | 1% | ഇല്ല | ഇല്ല |
| ധീവര വിഭാഗത്തിൽപെട്ട എല്ലാ അവാന്തരവിഭാഗങ്ങളും (DV) | 2% | ഇല്ല | ഇല്ല |
| വിശ്വകർമ്മ അനുബന്ധവിഭാഗങ്ങൾ (VK) | 2% | ഇല്ല | ഇല്ല |
| കുടുംബി (KU) | 1% | ഇല്ല | ഇല്ല |
| കുശവൻ അനുബന്ധവിഭാഗങ്ങൾ (KN) | 1% | ഇല്ല | ഇല്ല |
| മറ്റ് പിന്നോക്ക ഹിന്ദു സമുദായങ്ങൾ (OBH) | 3% | ഇല്ല | ഇല്ല |
| പട്ടികജാതി | 12% | 12% | 12% |

| | | | |
|---|---|---|---|
| പട്ടിക വർഗം | 8% | 8% | 8% |

സ്പോർട്സ് ക്വാട്ട, വിഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ (Differently Abled), ഭാഷാന്യൂനപക്ഷങ്ങൾ

| വിഭാഗം | സർക്കാർ സ്കൂളുകൾ | എയിഡഡ് സ്കൂളുകൾ | ന്യൂനപക്ഷ/ പിന്നോക്ക സമുദായ എയിഡഡ് മാനേജ്മെന്റ് സ്കൂളുകൾ |
|---|---|---|---|
| സ്പോർട്സ് ക്വാട്ട | ഓപ്പൺ മെരിറ്റിന്റെ 5% | ഓപ്പൺ മെരിറ്റിന്റെ 5% | ഓപ്പൺ മെരിറ്റിന്റെ 5% |
| വിഭിന്നശേഷിവിഭാഗത്തിലുള്ളവർ (Differently Abled) | ഓപ്പൺ മെരിറ്റിന്റെ 3% | ഓപ്പൺ മെരിറ്റിന്റെ 3% | ഓപ്പൺ മെരിറ്റിന്റെ 3% |
| ഭാഷാന്യൂനപക്ഷങ്ങൾ (തമിഴും കന്നടയും മാത്രം) | തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഓപ്പൺ മെരിറ്റിന്റെ 5% സീറ്റുകൾ (സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം 1ൽ) | | |

കുറിപ്പ് 1: പട്ടികജാതി/ പട്ടികവർഗ സംവരണസീറ്റുകളിലേക്ക് മതിയായ അപേക്ഷകരില്ലെങ്കിൽ അവശേഷിക്കുന്ന അത്തരം ഒഴിവുകളിലേക്ക് ആദ്യം ഒ.ഇ.സി. വിഭാഗത്തെ പരിഗണിക്കും. അതിനുശേഷവും ഒഴിവുകളുണ്ടെങ്കിൽ അത്തരം സീറ്റുകളെ പൊതു മെരിറ്റ് സീറ്റുകളായി പരിഗണിച്ച് ഒ.ബി.സി.യിലെ ഈഴവ, മുസ്ലീം, [illegible] SIUC [illegible] വിഭാഗങ്ങൾക്ക് സർക്കാർ സ്കൂളുകളിൽ അവർക്ക് ലഭിക്കുന്ന സംവരണശതമാനപ്രകാരവും അവശേഷിക്കുന്ന സീറ്റുകൾ ജനറൽ വിഭാഗത്തിനും നൽകും. സർക്കാർ സ്കൂളുകളിലും എയിഡഡ് സ്കൂളുകളിലും പട്ടികജാതി/ പട്ടികവർഗ സീറ്റുകളിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നത് ഒരേ മാനദണ്ഡങ്ങളനുസരിച്ചായിരിക്കും.

കുറിപ്പ് 2: വിഭിന്നശേഷി വിഭാഗത്തിൽ 1) ശാരീരിക വൈകല്യമുള്ളവർ, 2) അന്ധർ, 3) ബധിരർ, 4) മാനസിക/മസ്തിഷ്ക രോഗങ്ങൾ മൂലം പഠന വൈകല്യങ്ങളുള്ളവർ എന്നിവരുൾപ്പെടും. ഈ വിഭാഗത്തിൽ പരിഗണിക്കപ്പെടുന്നതിന് അപേക്ഷകർ തങ്ങൾക്ക് 40 ശതമാനത്തിൽ കുറയാത്ത വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന അംഗീകൃത മെഡിക്കൽബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഈ വിഭാഗത്തിൽപെടുന്നവർ പ്രായോഗികപരീക്ഷകളുള്ള വിഷയങ്ങളുൾപ്പെടുന്ന കോമ്പിനേഷനുകൾ തെരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ വിഷയങ്ങൾ പഠിക്കുന്നതിന് അപേക്ഷകന്റെ രോഗാവസ്ഥ തടസ്സമല്ലെന്ന്, വിദ്യാഭ്യാസവകുപ്പ് ഈ ആവശ്യത്തിനായി ചുമതലപ്പെടുത്തുന്ന ജില്ലാതലത്തിലുള്ള പ്രത്യേക സമിതി സാക്ഷ്യപ്പെടുത്തണം. ജില്ലാമെഡിക്കൽഓഫീസർ നിർദേശിക്കുന്ന ഒരു വിദഗ്ദഡോക്ടറും ഗവൺമെന്റ് സ്കൂളിലെ ഹയർസെക്കന്ററി സയൻസ് വിഭാഗം അധ്യാപകനും അതേവിഭാഗത്തിലെ ഒരു പ്രിൻസിപ്പലും IEDC റിസോഴ്സ് അധ്യാപകനും ഈ സമിതിയിലുണ്ടായിരിക്കും. ഈ സമിതി വിദ്യാർത്ഥികളെ അഭിമുഖത്തിനായി ക്ഷണിക്കുന്ന തിയതിയും സ്ഥലവും മുൻകൂട്ടി അറിയിക്കും. വിഭിന്നശേഷി വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളുടെയും യോഗ്യതാസർട്ടിഫിക്കറ്റുകളുടെ പ്രാരംഭപരിശോധന നടത്തുന്നത് മുകളിൽ സൂചിപ്പിച്ച സമിതിയായിരിക്കും. പരിശോധനക്ക് ശേഷം സമിതി നൽകുന്ന സർട്ടിഫിക്കറ്റിലെ റഫറൻസ് നമ്പർ വിദ്യാർത്ഥികൾ അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തേണ്ടതും സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. ഈ വിഭാഗത്തിന് വേണ്ടി സംവരണം ചെയ്തിട്ടുള്ള സീറ്റുകളുടെ മൂന്നിലൊന്ന് അന്ധർക്കായിരിക്കും. അന്ധരായ അപേക്ഷകരില്ലെങ്കിൽ അവർക്കായി സംവരണം ചെയ്ത സീറ്റുകൾ ഇതേ വിഭാഗത്തിലെ മറ്റ് ഉപവിഭാഗങ്ങൾക്ക് നൽകും. ***വിഭിന്നശേഷിവിഭാഗത്തിലെ അപേക്ഷകർക്ക് യോഗ്യതയുള്ള പക്ഷം അവരുടെ ആദ്യ ഓപ്ഷൻ തന്നെ അലോട്ട്ചെയ്ത് നൽകുന്നതാണ്. ഇതിനായി ആവശ്യമെങ്കിൽ അധിക സീറ്റുകൾ സൃഷ്ടിക്കുന്നതായിരിക്കും. ആദ്യ അലോട്ട്മെന്റിൽ തന്നെ ഈ വിഭാഗത്തിലെ മുഴുവൻ അപേക്ഷകരെയും പരിഗണിക്കുന്നതാണ്.***

14 <u>സ്പോർട്ട്സ് ക്വാട്ടയിലെ പ്രവേശനം</u>

**സ്പോർട്ട്സ് ക്വാട്ട അഡ്മിഷൻ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി രണ്ട് ഘട്ടങ്ങൾ ഉൾപ്പെട്ട ഓൺലൈൻ കേന്ദ്രീകൃത അലോട്ട്മെൻറ് സംവിധാനം ഈ വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.** ആദ്യ ഘട്ടത്തിൽ സ്പോർട്ട്സിൽ മികവ് നേടിയ വിദ്യാർഥികൾ അവരുടെ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ അതാത് ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ജില്ലാ സ്പോർട്ട്സ് കൗൺസിൽ അധികാരികൾ ഓരോ വിദ്യാർഥിയുടേയും സ്പോർട്സ് സർട്ടിഫിക്കറ്റ് വിവരങ്ങൾ ആയതിലേയ്ക്ക് തയ്യാറാക്കുന്ന പ്രത്യേക ഓൺലൈൻ സംവിധാനത്തിലൂടെ വേരിഫിക്കേഷൻ നടത്തുമ്പോൾ തന്നെ ഒരു സ്കോർ കാർഡ് ഓരോ വിദ്യാർഥിയ്ക്കും ജനറേറ്റ് ചെയ്യപ്പെടും. മേയ് ആദ്യ വാരം മുതൽ ജൂൺ ആദ്യ വാരം വരെ ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്താവുന്നതാണ്. രണ്ടാം ഘട്ടത്തിൽ പ്ലസ് വൺ അഡ്മിഷന് യോഗ്യത നേടുന്ന വിദ്യാർഥികൾക്ക് സ്പോർട്ട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്നതിനായി അവരുടെ അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ടി അപേക്ഷയിൽ വിദ്യാർഥിയ്ക്ക് താൽപര്യമുള്ള സ്കൂൾ/കോഴ്സുകൾ ഓപ്ഷനായി നൽകാവുന്നതാണ്. സേ ഉൾപ്പടെയുള്ള പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ച ശേഷമുള്ള ഒരു തീയതി ആയിരിക്കും അപേക്ഷിക്കുവാനുള്ള അവസ്സാന തീയതി. (ജൂൺ ആദ്യ വാരം വരെ സ്പോർട്ട്സ് ക്വാട്ടയിൽ അപേക്ഷിക്കുവാൻ അവസ്സരമുണ്ടായിരിക്കും). **ഏകജാലക സംവിധാനത്തിൻെറ മുഖ്യ ഘട്ടത്തിലെ അവസ്സാന അലോട്ട്മെൻറിന് മുൻപായി രണ്ട് പ്രത്യേക അലോട്ട്മെൻറുകൾ സ്പോർട്ട്സ് ക്വാട്ട അഡ്മിഷനു വേണ്ടി** നടത്തുന്നതാണ്. സ്പോർട്ട്സ് ക്വോട്ട അലോട്ട്മെൻറും റാങ്ക് ലിസ്റ്റും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഒരോ സ്കൂളിലേയും സ്പോർട്ട്സ് സീറ്റുകളുടെ വിവരങ്ങൾ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൻെറയും സ്പോർട്ട്സ് കൗൺസിലിൻേറയും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. സ്പോർട്ട്സ് ക്വാട്ടയിലെ പ്രവേശനവിവരങ്ങൾ ഇതിനായി അറിയിക്കുന്ന സമയപരിധിക്കുള്ളിൽ സ്കൂളിൽനിന്ന് വെബ്സൈറ്റ് മുഖേന കേന്ദ്രീകൃത പ്രവേശനരജിസ്ട്രിയിലേക് അപ്‌ലോഡ് ചെയ്യുന്നതും ഈ വിഭാഗത്തിനായി സംവരണം ചെയ്ത സീറ്റുകൾ ബാക്കിയുണ്ടെങ്കിൽ അവ ഏകജാലക സംവിധാനം വഴി നികത്തുന്നതുമാണ്. **സ്പോർട്സ് ഹോസ്റ്റൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളും സ്പോർട്സ് ക്വാട്ടയിലൂടെ പ്ലസ്‌വൺ പ്രവേശനത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. അലോട്ട്മെൻറിൽ സൗകര്യപ്രദമായ സ്കൂൾ /കോമ്പിനേഷനിൽ പ്രവേശനം ലഭിക്കുന്നില്ലായെങ്കിൽ മാത്രം സംസ്ഥാന സ്പോർട്സ് കൗൺസിലിൻെറ ശുപാർശ അടിസ്ഥാനപ്പെടുത്തി അലോട്ടുമെൻറുകൾ പൂർത്തിയാകുന്ന മുറയ്ക്ക് സർക്കാരിന് അധിക സാമ്പത്തിക ഉണ്ടാകാത്തവിധം അധിക സീറ്റ് സൃഷ്ടിച്ച് പ്രവേശനം ഉറപ്പാക്കുന്നതാണ്.** സ്പോർട്ട്സ് ക്വാട്ടയിലേക് അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്ക് അവർ ആഗ്രഹിക്കുന്ന പക്ഷം ഏകജാലകസംവിധാനം വഴിയുള്ള മെരിറ്റ് ക്വാട്ടയിലേക്കും അപേക്ഷ നൽകാവുന്നതാണ്.

15 <u>കേന്ദ്രീകൃതപ്രവേശനരജിസ്ട്രി</u>

മെരിറ്റ് സീറ്റിലെ വിദ്യാർത്ഥിവിവരങ്ങൾക്കൊപ്പം സ്കൂൾതലത്തിൽ പ്രവേശനം നടത്തുന്ന സ്പോർട്സ്/ മാനേജ്മെൻ്റ്/ കമ്മ്യൂണിറ്റി ക്വാട്ടകളിലെ വിവരങ്ങളും അൺഎയിഡഡ് സ്കൂൾ ബാച്ചുകളിലെ വിദ്യാർത്ഥിവിവരങ്ങളും കൂടി ചേർത്ത് കേന്ദ്രീകൃത പ്രവേശനരജിസ്ട്രി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. പരീക്ഷാരജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിവിധ വകുപ്പുതല ആവശ്യങ്ങൾക്ക് ഈ രജിസ്ട്രിയായിരിക്കും തുടർന്നുപയോഗിക്കുന്നത്. ഡയറക്ടറേറ്റിൽ നിന്ന് നിർദേശിക്കുന്ന സമയപരിധിക്കുള്ളിൽ സ്കൂളധികൃതർ മുകളിൽ പരാമർശിച്ച വിദ്യാർത്ഥിവിവരങ്ങൾ അപ്‌ലോഡ് ചെയ്യും. സ്കൂളിലെ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ പ്രവേശന വിവരങ്ങൾ കേന്ദ്രീകൃത പ്രവേശന രജിസ്ട്രിയിൽ ഉൾപ്പെടുത്തേണ്ട ഉത്തരവാദിത്തം അതാത് സ്കൂൾ പ്രിൻസിപ്പൽമാർക്കായിരിക്കും. കേന്ദ്രീകൃതപ്രവേശനരജിസ്ട്രിയിലേക് ഓരോ സ്കൂളിലും സർക്കാർ അനുവദിച്ചിട്ടുള്ള എണ്ണം വിദ്യാർത്ഥികളെ മാത്രമേ ഉൾപ്പെടുത്താൻ കഴിയൂ. ഈ രജിസ്ട്രിയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് ഹയർസെക്കൻഡറിപരീക്ഷയ്ക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. **അതിനാൽ കേന്ദ്രീകൃതരജിസ്ട്രി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചാലുടൻ വിദ്യാർത്ഥികൾ ലിസ്റ്റ് പരിശോധിച്ച് സ്വന്തം പേര്, സ്കൂൾ, പഠിക്കുന്ന വിഷയകോംബിനേഷൻ എന്നിവ ശരിയായരീതിയിൽ ഉണ്ടെന്നുറപ്പാക്കേണ്ടതാണ്. പരാതികളുണ്ടെങ്കിൽ അവ പ്രിൻസിപ്പലിനെ രേഖാമൂലം അറിയിക്കണം.**

16 പ്രവേശനമാനദണ്ഡം: **WGPA** കണക്കാക്കുന്നത്

ഓരോ വിദ്യാർത്ഥിയുടെയും **WGPA (Weighted Grade Point Average)** കണക്കാക്കിയാണ് പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത്. അത് കണക്കാക്കുന്ന വിധം താഴെകൊടുക്കുന്നു.

- ആദ്യം യോഗ്യതാപരീക്ഷയിൽ ഓരോ വിഷയത്തിനും അപേക്ഷകന് ലഭിച്ച ഗ്രേഡുകൾക്ക് താഴെ സൂചിപ്പിച്ച പ്രകാരം ഗ്രേഡ് പോയിന്റ് നൽകുന്നു.

| ഗ്രേഡ് | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| ഗ്രേഡ് പോയിന്റ് | 9 | 8 | 7 | 6 | 5 | 4 | 3 |

- വിവിധ വിഷയങ്ങൾക്ക് ലഭിച്ചിട്ടുള്ള ഗ്രേഡ് പോയിന്റുകളുടെ തുകയായ **TGP (Total Grade Point)** കണക്കാക്കുന്നു(ഉദാ: പത്ത് വിഷയങ്ങൾക്കും A+ ഗ്രേഡുകൾ ലഭിച്ച വിദ്യാർത്ഥിയുടെ **TGP 90** ആയിരിക്കും).
- ഹയർസെക്കന്ററി പഠനത്തിന് വിദ്യാർത്ഥി തെരഞ്ഞെടുക്കുന്ന വിഷയ കോംബിനേഷനുകൾക്കനുസരിച്ച് യോഗ്യതാപ്പരീക്ഷയിലെ ചില വിഷയങ്ങൾക്ക് വെയിറ്റേജ് ലഭിക്കും. തെരഞ്ഞെടുക്കുന്ന വിഷയ കോംബിനേഷനുമായി ബന്ധമുള്ള എസ്. എസ്. എൽ.സി. പേപ്പറുകൾക്കാണ് ഇങ്ങനെ വെയിറ്റേജ് ലഭിക്കുന്നത്. ഹയർ സെക്കന്ററിയിലെ 45 കോഴ്സ് കോംബിനേഷനുകൾക്ക് വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങളുടെ വിശദാംശങ്ങൾ ഖണ്ഡിക 18 ൽ കൊടുത്തിരിക്കുന്നു. ഇങ്ങനെ വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ ഗ്രേഡ് പോയിന്റുകൾ പ്രത്യേകം കൂട്ടുന്നു. ഇതാണ് **GSW (total Grade value of Subjects for which Weightage is given-** വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ ആകെ ഗ്രേഡ് പോയിന്റ്)
- ഖണ്ഡിക 11ൽ കൊടുത്തിരിക്കുന്ന ബോണസ് പോയിന്റുകൾ(അർഹതയുണ്ടെങ്കിൽ മാത്രം) കണക്കാക്കുന്നു(BP). ഖണ്ഡിക 12 പ്രകാരം കുറയ്ക്കേണ്ട മൈനസ് പോയിന്റുകളുണ്ടെങ്കിൽ അതും കണ്ടെത്തുന്നു(MP).
- ഇനി താഴെക്കാണിച്ചിരിക്കുന്ന സൂത്രവാക്യമുപയോഗിച്ച് **WGPA** ഏഴ് ദശാംശസ്ഥാനത്തിന് കൃത്യമായി കണ്ടെത്തുന്നു.

$$WGPA = \frac{TGP + GSW}{TS + TSW} + \frac{BP - MP}{10}$$

**WGPA: Weighted Grade Point Average**

**TGP: Total Grade Point**

**GSW: total Grade value of Subjects for which Weightage is given**

**BP: Bonus Point**

**MP: Minus Point**

**TS: Total number of Subjects** (ആകെ വിഷയങ്ങളുടെ എണ്ണം)

**TSW: Total number of Subjects for which Weightage is given** (വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ എണ്ണം)

WGPA കണക്കാക്കുന്നതിന് മാതൃക താഴെകൊടുത്തിരിക്കുന്നു.

- വിദ്യാർത്ഥിക്ക് ലഭിച്ച ഗ്രേഡുകൾ

| Sub | Mal I | Mal II | Eng | Hind | Phy | Che | Bio | SS | Maths | IT |
|---|---|---|---|---|---|---|---|---|---|---|
| Grade | A | A | A | A+ | A+ | A | B+ | A+ | A+ | A |
| Grade Point | 8 | 8 | 8 | 9 | 9 | 8 | 7 | 9 | 9 | 8 |

- വിദ്യാർത്ഥിയുടെ ഓപ്ഷൻ: എസ്.എസ്.എൽ.സി.ക്ക് പഠിച്ച സ്കൂളിൽതന്നെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ് കോംബിനേഷൻ (കോഡ്: 01).
- അതിനാൽ TGP = 83, GSW = 33 , BP = 2, MP = 0, TS =10, TSW = 4.

$$WGPA = \frac{83+33}{10+4} + \frac{5-0}{10} = 8.7857143$$

17 WGPA തുല്യമായാൽ ചെയ്യേണ്ടത്

WGPA യുടെ ഏഴ് ദശാംശസ്ഥാനത്തിന് കൃത്യമായി കണക്കിലെടുത്തതിനുശേഷവും ഒന്നിലേറെ അപേക്ഷകർക്ക് തുല്യ പോയിന്റ് ലഭിച്ചാൽ താഴെപ്പറയുന്ന മുൻഗണനപ്രകാരം ടൈ ബ്രേക്ക് ചെയ്ത് അർഹത നിശ്ചയിക്കുന്നതാണ്.

1. ടൈ വരുന്ന കോംബിനേഷന് അപേക്ഷകർ രേഖപ്പെടുത്തിയ മുൻഗണന
2. വെയിറ്റേജിന് കണക്കിലെടുത്ത വിഷയങ്ങളുടെ ഉയർന്ന TGP
3. ഇംഗ്ലീഷിന്റെ ഉയർന്ന ഗ്രേഡ് പോയിന്റ്
4. ഒന്നാം ഭാഷയുടെ ഉയർന്ന ഗ്രേഡ് പോയിന്റ്
5. അപേക്ഷകന്റെ പ്രാദേശിക പശ്ചാത്തലം (അതേ സ്കൂൾ, അതേ ഗ്രാമപഞ്ചായത്ത്, ഗവ./എയിഡഡ് ഹയർ സെക്കന്ററി സ്കൂളില്ലാത്ത ഗ്രാമപഞ്ചായത്ത്, അതേ താലൂക്ക്, അതേ ജില്ല എന്നിങ്ങനെയായിരിക്കും മുൻഗണനാക്രമം)
6. ഇനിയും തുല്യനിലയിൽ തുടർന്നാൽ NTSE, കലാകായിക മൽസരങ്ങൾ, സംസ്ഥാനതല പ്രവർത്തിപരിചയമേള എന്നിവയിലെ മികവ് താഴെ സൂചിപ്പിക്കുന്ന മുൻഗണനാക്രമത്തിൽ പരിഗണിക്കും. ഇവയിൽ NTSE ഒഴികെ മറ്റിനങ്ങൾക്ക് 10-ാം ക്ലാസിൽ പഠിക്കുമ്പോൾ പങ്കെടുത്തിട്ടുള്ള ഇനങ്ങളിലെ മികവ് മാത്രമായിരിക്കും പരിഗണിക്കുക.

- NTSE ദേശീയ/സംസ്ഥാനതല പരീക്ഷയിൽ യോഗ്യത നേടിയവർ
- സംസ്ഥാനതല യുവജനോൽസവത്തിൽ പങ്കെടുത്തവർ (ഗ്രേസ് മാർക്കിന് അർഹതയില്ലാത്തവർ)
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ എ ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള എ ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പോയിന്റുകൾ ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ ബി ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള ബി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ സി ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള സി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ ഡി ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള ഡി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).

- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ ഇ ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള ഇ ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- സംസ്ഥാനതല കായികമൽസരത്തിൽ പങ്കെടുത്തവർ(ഗ്രേസ് മാർക്കിന് അർഹതയില്ലാത്തവർ)
- ജില്ലാതല യുവജനോൽസവത്തിൽ എ ഗ്രേഡ് (സംസ്ഥാന തലത്തിൽ പങ്കെടുക്കാത്തവർ. ആകെ ലഭിച്ചിട്ടുള്ള എ ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല കായികമൽസരത്തിൽ ഒന്നാം സ്ഥാനം (സംസ്ഥാനതലത്തിൽ പങ്കെടുക്കാത്തവർ. ആകെ ലഭിച്ചിട്ടുള്ള ഒന്നാം സ്ഥാനങ്ങൾക്കാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല യുവജനോൽസവത്തിൽ ബി ഗ്രേഡ് (ആകെ ലഭിച്ചിട്ടുള്ള ബി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല കായികമൽസരത്തിൽ രണ്ടാം സ്ഥാനം (ആകെ ലഭിച്ചിട്ടുള്ള രണ്ടാം സ്ഥാനങ്ങൾക്കാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല യുവജനോൽസവത്തിൽ സി ഗ്രേഡ് (ആകെ ലഭിച്ചിട്ടുള്ള സി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല കായികമൽസരത്തിൽ മൂന്നാം സ്ഥാനം (ആകെ ലഭിച്ചിട്ടുള്ള മൂന്നാം സ്ഥാനങ്ങൾക്കാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല യുവജനോൽസവത്തിൽ പങ്കെടുത്തവർ
- ജില്ലാതല കായികമൽസരത്തിൽ പങ്കെടുത്തവർ
- സ്കൗട്ട് & ഗൈഡ്സിലെ പങ്കാളിത്തം (രാഷ്ട്രപതി പുരസ്കാർ/രാജ്യപുരസ്കാർ ലഭിക്കാത്തവർ)

വീണ്ടും തുല്യനില തുടർന്നാൽ താഴെ സൂചിപ്പിക്കുന്ന അക്കാദമികേതര പ്രവർത്തനങ്ങളിലെ മികവ് കൂടി മുൻഗണനാക്രമത്തിൽ പരിഗണിച്ച് പ്രവേശന യോഗ്യത നിശ്ചയിക്കുന്നതാണ്.

- സമകാലികങ്ങളിൽ പ്രസിദ്ധീകരിച്ച സാഹിത്യസൃഷ്ടികൾ
- റെഡ്ക്രോസ് പ്രവർത്തനങ്ങൾ
- നേച്ചർ ക്ലബ്ബ്/ ഫോറസ്ട്രി ക്ലബ്ബ്/ സയൻസ് ക്ലബ്ബ്/ സോഷ്യൽ സയൻസ് ക്ലബ്ബ്/ ഡിബേറ്റിങ് ക്ലബ്ബ്/ ഒറേറ്ററി ക്ലബ്ബ്/ ഫിലാറ്റലി ക്ലബ്ബ്/ മാത്തമാറ്റിക്സ് ക്ലബ്ബ്/ ഐ.ടി. ക്ലബ്ബ് /ഹെൽത്ത് ക്ലബ്ബ് മുതലായവയിലെ പ്രവർത്തനങ്ങൾ (ക്ലബ്ബുകൾക്ക് ഒരേ മുൻഗണനയായിരിക്കും)
- സ്കൂൾ മാസികകളിൽ പ്രസിദ്ധീകരിച്ച സാഹിത്യസൃഷ്ടികൾ
- കേരള സംസ്ഥാന പൊതു പരീക്ഷ പാസ്സായവർ

(സ്കൂൾ തലത്തിലെ പ്രവർത്തനങ്ങൾക്ക് സ്കൂളിലെ പ്രധാനാധ്യാപകൻ നൽകുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, പ്രസിദ്ധീകരണങ്ങൾക്ക് അവയുടെ കോപ്പിയും അപേക്ഷയോടൊപ്പം ഹാജരാക്കണം.)

18 സബ്ജക്ട് കോംബിനേഷനുകളും കോഡുകളും

സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകളിലായി ഹയർ സെക്കന്ററി പഠനത്തിന് ആകെ 45 സബ്ജക്ട് കോംബിനേഷനുകൾ ലഭ്യമാണ്. ഗ്രൂപ്പ് തിരിച്ചുള്ള സബ്ജക്ട് കോംബിനേഷനുകളും അവയുടെ കോഡുകളും ഓരോ കോംബിനേഷൻ തെരഞ്ഞെടുക്കുമ്പോഴും വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങളും താഴെക്കൊടുത്തിരിക്കുന്നു.

സയൻസ് ഗ്രൂപ്പ്

| കോഡ് | സബ്ജക്റ്റ് കോംബിനേഷൻ | വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങൾ |
|---|---|---|
| **01** | Physics, Chemistry, Biology, Mathematics | Physics, Chemistry, Biology, Mathematics |
| **02** | Physics, Chemistry, Biology, Home Science | |
| **03** | Physics, Chemistry, Home Science, Mathematics | |
| **04** | Physics, Chemistry, Geology, Mathematics | Physics, Chemistry, Mathematics |
| **05** | Physics, Chemistry, Mathematics, Computer Science | |
| **06** | Physics, Chemistry, Mathematics, Electronics | |
| **07** | Physics, Chemistry, Computer Science, Geology | |
| **08** | Physics, Chemistry, Mathematics, Statistics | |
| **09** | Physics, Chemistry, Biology, Psychology | Physics, Chemistry, Biology, Mathematics |

ഹ്യൂമാനിറ്റീസ് ഗ്രൂപ്പ്

| കോഡ് | സബ്ജക്റ്റ് കോംബിനേഷൻ | വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങൾ |
|---|---|---|
| **10** | History, Economics, Political Science, Geography | Social Science |
| **11** | History, Economics, Political Science, Sociology | |
| **12** | History, Economics, Political Science, Geology | |
| **13** | History, Economics, Political Science, Music | |
| **14** | History, Economics, Political Science, Gandhian Studies | |
| **15** | History, Economics, Political Science, Philosophy | |

| | | |
|---|---|---|
| **16** | History, Economics, Political Science, Social Work | |
| **17** | Islamic History, Economics, Political Science, Geography | |
| **18** | Islamic History, Economics, Political Science, Sociology | |
| **19** | Sociology, Social Work, Psychology, Gandhian Studies | |
| **20** | History, Economics, Political Science, Psychology | |
| **21** | History, Economics, Political Science, Anthropology | |
| **22** | History, Economics, Geography, Malayalam | |
| **23** | History, Economics, Geography, Hindi | |
| **24** | History, Economics, Geography, Arabic | |
| **25** | History, Economics, Geography, Urdu | |
| **26** | History, Economics, Geography, Kannada | |
| **27** | History, Economics, Geography, Tamil | |
| **28** | History, Economics, Sanskrit Sahitya, Sanskrit Sastra | |
| **29** | History, Philosophy, Sanskrit Sahitya, Sanskrit Sastra | |
| **30** | History, Economics, Political Science, Statistics | Social Science, Mathematics |
| **31** | Sociology, Social work, Psychology, Statistics | |
| **32** | Economics, Statistics, Anthropology, Social work | |
| **33** | Economics, Gandhian Studies, Communicative English, Computer Application | Social Science, English |

| | | |
|---|---|---|
| 34 | Sociology, Journalism, Communicative English, Computer Application | |
| 35 | Journalism, English Literature, Communicative English, Psychology | |
| 41 | History, Economics, Sociology, Malayalam | Social Science |
| 42 | History, Economics, Political Science, Malayalam | |
| 43 | History, Economics, Gandhian Studies, Malayalam | |
| 44 | Social Work, Journalism, Communicative English, Computer Applicaion | SocialScience, English |
| 45 | History, Economics, Sociology, Hindi | Social Science |
| 46 | History, Economics, Sociology, Arabic | |

കോമേഴ്സ് ഗ്രൂപ്പ്

| കോഡ് | സബ്ജക്റ്റ് കോംബിനേഷൻ | വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങൾ |
|---|---|---|
| 36 | BusinessStudies,Accountancy,Economics, Mathematics | Social Science, Mathematics |
| 37 | Business Studies, Accountancy, Economics, Statistics | |
| 38 | Business Studies, Accountancy, Economics, Political Science | |
| 39 | Business Studies, Accountancy, Economics, ComputerApplications | |

<u>19 ഫീസ് ഘടന</u>

| ഇനങ്ങൾ | സയൻസ് ഗ്രൂപ്പ് | ഹ്യൂമാനിറ്റിസ്/ കോമേഴ്സ് ഗ്രൂപ്പുകൾ |
|---|---|---|
| 1 അഡ്മിഷൻ ഫീസ് | 50 രൂ | 50 രൂ |
| 2 ലൈബ്രറി ഫീസ് | 25 രൂ | 25 രൂ |
| 3 കലണ്ടർ ഫീസ് | 25 രൂ | 25 രൂ |
| 4 വൈദ്യ പരിശോധനാ ഫീസ് | 25 രൂ | 25 രൂ |
| 5 ഓഡിയോ വിഷ്വൽ യൂണിറ്റ് ഫീസ് | 30 രൂ | 30 രൂ |
| 6 സ്പോർട്സ് & ഗെയിംസ് ഫീസ് | 50 രൂ | 50 രൂ |
| 7 സ്റ്റേഷനറി ഫീസ് | 25 രൂ | 25 രൂ |
| 8 അസോസിയേഷൻ ഫീസ് | 25 രൂ | 25 രൂ |
| 9 യൂത്ത് ഫെസ്റ്റിവൽ ഫീസ് | 50 രൂ | 50 രൂ |
| 10 മാഗസിൻ ഫീസ് | 25 രൂ | 25 രൂ |
| 11കോഷൻ ഡിപ്പോസിറ്റ് | 150 രൂ | 100 രൂ |
| 12 ലാബറട്ടറി ഫീസ് | ലാബറട്ടറി സൗകര്യം ആവശ്യമുള്ള വിഷയങ്ങൾക്ക് 50 രൂപ വീതം | |
| 13 കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | കമ്പ്യൂട്ടർ സൗകര്യം ആവശ്യമുള്ള വിഷയങ്ങൾക്ക് 50 രൂപ വീതം | |

SC/ST/OEC എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ കോഷൻ ഡെപ്പോസിറ്റ് ഒഴികെ മേൽ വിവരിച്ച ഫീസുകൾ ഒന്നും അടയ്ക്കേണ്ടതില്ല.

നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം(**G.O(Ms)No.126/2007/G.Edn dated 25-06-2007** എന്ന **സർക്കാർ ഉത്തരവിലെ മാർഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള)** സംസ്ഥാനത്തെ സർക്കാർ/എയിഡഡ് സ്കൂളുകളിലെ പി.ടി.എ അംഗത്വം എല്ലാ രക്ഷിതാക്കൾക്കും വർഷം തോറും നിർബന്ധമാണ്. അംഗത്വ ഫീസ് ഹയർ സെക്കണ്ടറി വിഭാഗത്തിന് പ്രതിശീർഷം 100 രൂപയാണ്.പട്ടികജാതി-പട്ടിക വർഗ വിഭാഗങ്ങൾ,സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവർ എന്നീ വിഭഗത്തിൽപെട്ട വിദ്യാർഥികളുടെ രക്ഷിതാക്കൾക്ക് അംഗത്വ ഫീസ് നിർബന്ധമില്ല. മേൽപറഞ്ഞിട്ടുള്ള അംഗത്വ ഫീസും സർക്കാർ നിയമപ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫീസും അല്ലാതെ മറ്റൊരു ഫീസും ഒടുക്കുവാൻ രക്ഷിതാക്കൾ ബാദ്ധ്യസ്ഥരല്ലെന്നും അവരെ അതിന് നിർബന്ധിക്കാൻ പാടില്ലെന്നും പ്രസ്തുത മാർഗ നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

മുൻ വർഷത്തെ മൂന്നാം ടേമിലെ പി.ടി.എ ജനറൽ ബോഡിയോഗം തീരുമാനിക്കുകയാണെങ്കിൽ സ്കൂളിലെ നടപ്പ് അക്കാദമിക വർഷത്തെ പ്രത്യേകം നിർവചിക്കപ്പെട്ടിട്ടുള്ള അക്കാദമിക് ആവശ്യങ്ങൾക്കായി ഹയർ സെക്കണ്ടറി സ്കൂളുകളിൽ പരമാവധി 400 രൂപ വിദ്യാർഥി/രക്ഷിതാവിൽ നിന്നും ഫണ്ട് ശേഖരിക്കാവുന്നതാണ്.ഒരു രക്ഷിതാവിനേയും ടി തുക കൊടുക്കാൻ നിർബന്ധിക്കുകയോ പ്രസ്തുത തുക കൊടുക്കാത്ത രക്ഷിതാവിൻെറ മകൾക്ക്/മകന് സ്കൂൾ പ്രവേശനം നിഷേധിക്കുകയോ ചെയ്യാൻ പാടില്ല.ഇക്കാര്യം ഉറപ്പാക്കേണ്ട ചുമതല പ്രിൻസിപ്പലിനാണ്.

400 രൂപ നിരക്കിൽ പി.റ്റി.എ ഫണ്ട് കൊടുക്കുവാൻ ഏതെങ്കിലും രക്ഷിതാവിനെ നിർബന്ധിച്ചതായോ ടി തുക നൽകിയില്ലെങ്കിൽ സ്കൂൾ പ്രവേശനം നിഷേധിക്കുമെന്ന് ഭീഷണിപ്പെടുത്തിയതായോ പരാതി ഉണ്ടാകാതിരിക്കാൻ പ്രിൻസിപ്പൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രസ്തുത ഫീസുകളേക്കാൾ ഉയർന്ന നിരക്കിൽ ഫീസ് ഈടാക്കുകയോ,സ്കൂൾ ഡെവലപ്പ്മെൻറ് ഫണ്ട്,മറ്റിനങ്ങൾ എന്നിങ്ങനെ അനധികൃതമായി പിരിവ് നടത്തുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം സ്കൂൾ അധികാരികൾക്കെതിരെ കർശനമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതായിരിക്കും.

**സ്കൂൾ ഫീസ്, പി.റ്റി.എ. ഫണ്ട് തുടങ്ങിയവ അടച്ചുകഴിഞ്ഞാൽ സ്കൂളധികൃതരിൽ നിന്നും ഇവയ്ക്കുള്ള രസീതുകൾ ചോദിച്ചു വാങ്ങേണ്ടതാണ്. പി.റ്റി. എ. ഫണ്ട് നൽകിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങളും തുകയും സ്കൂൾ നോട്ടീസ്ബോർഡിൽ പ്രിൻസിപ്പൽ പ്രദർശിപ്പിക്കേണ്ടതാണ്.**

21 അഡ്മിഷൻ ഷെഡ്യൂൾ

| | | |
|---|---|---|
| ഓൺലൈൻ അപേക്ഷാസമർപ്പണം തുടങ്ങുന്ന തിയതി | : | 20/05/2016 |
| ഓൺലൈൻ അപേക്ഷാസമർപ്പണം അവസാനിക്കുന്ന തീയതി | : | 31/05/2016 |
| ട്രയൽ അലോട്ട്മെന്റിന്റെ തീയതി | : | 07/06/2016 |
| ആദ്യ അലോട്ട്മെന്റിന്റെ തീയതി | : | 13/06/2016 |
| മുഖ്യഅലോട്ട്മെന്റുകൾ അവസാനിക്കുന്ന തീയതി | : | 22/06/2016 |
| ക്ലാസ്സുകൾ തുടങ്ങേണ്ട തീയതി | : | 27/06/2016 |
| അഡ്മിഷൻ അവസാനിപ്പിക്കാനുള്ള തീയതി | : | 30/07/2016 |

**22. സ്പോർട്ട്സ് ക്വാട്ട അഡ്മിഷൻ**

| | | |
|---|---|---|
| ഒന്നാംഘട്ടഓൺലൈൻ രജിസ്ട്രേഷൻ | : | 21/05/2016 മുതൽ 31/05/2016 വരെ |
| രണ്ടാംഘട്ടഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : | 01 / 06/ 2016 |
| അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി | : | 06 / 06/ 2016 |
| സ്പോർട്ട്സ് ക്വാട്ട ഒന്നാം സ്പെഷ്യൽ അലോട്ട്മെൻറ് തീയതി | : | 09 /06/ 2016 |
| സ്പോർട്ട്സ് ക്വാട്ട സ്പെഷ്യൽ അവസാന അലോട്ട്മെൻറ് തീയതി | : | 15 /06/ 2016 |
| സ്പോർട്ട്സ് ക്വാട്ട പ്രവേശനത്തിൻെറ അവസാന പ്രവേശന തീയതി | : | 16 /06/ 2016 |

**23. കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ**

| | | |
|---|---|---|
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി | : | 13/06/2016 |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ട തീയതി | : | 22/06/2016 |
| റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | : | 23/06/2016 ** |
| അഡ്മിഷൻ ആരംഭിക്കുന്ന തീയതി | : | 24/06/2016 മുതൽ ** |

....

(**കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് / സെലക്ട് ലിസ്റ്റുകൾ മുഖ്യഘട്ടത്തിലെ അവസാന അലോട്ട്മെൻറ് പ്രസിദ്ധീകരിച്ച ശേഷം മാത്രമെ പ്രസിദ്ധീകരിക്കുവാനും അഡ്മിഷൻ പ്രക്രിയ ആരംഭിക്കുവാനും പാടുള്ളൂ.

24. <u>അനുബന്ധങ്ങൾ</u>

1. ഭാഷാന്യൂനപക്ഷ ആനുകൂല്യം ലഭിക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ
2. സംവരണാനുകൂല്യമുള്ള സമുദായങ്ങളുടെ പട്ടിക
3. സ.ഉ(എം.എസ്)നമ്പർ 10/2014/പിസവിവ് തീയതി 23/5/2014 സർക്കാർ ഉത്തരവ് പ്രകാരം ,വാർഷിക വരുമാന പരിധി ആറ് ലക്ഷം രൂപ കവിയരുതെന്ന നിബന്ധനക്ക് വിധേയമായി, ഒ.ഇ.സി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച ഒ.ബി.എച്ച് -ൽ ഉൾപ്പെട്ട ഇതരസമുദായങ്ങളുടെ ലിസ്റ്റ്
4. അപേക്ഷാഫാറം പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ
5. പൂരിപ്പിച്ച മാതൃകാ അപേക്ഷാഫാറം
6. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട വിധം.
7. അപേക്ഷകൾ ഓൺ ലൈനായി സമർപ്പിക്കുന്നവർ അപേക്ഷയുടെ പ്രിൻറൗട്ടിന്റെ കോപ്പിയും അനുബന്ധ രേഖകളും വേരിഫിക്കേഷനായി അയച്ചുകൊടുക്കേണ്ട ജില്ലയിലെ നിർദ്ദിഷ്ട സ്കൂൾ വിശദാംശങ്ങൾ
8. സി.ബി.എസ്.ഇ ബോർഡിന്റെ പത്താം ക്ലാസ് പരീക്ഷ വിജയിച്ച വിദ്യാർഥികളുടെ മാതാപിതാക്കളോ/രക്ഷകർത്താവോ സമർപ്പിക്കേണ്ട സാക്ഷ്യ പത്ര ത്തിന്റെ മാതൃക
9. സംസ്ഥാനം, ജില്ല, താലൂക്ക്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുതലായവയുടെ കോഡുകൾ
10. സ്കൂൾ കോഡ്, സ്ക്കൂളിന്റെ പേര്, സ്കൂളിലനുവദിച്ചിട്ടുള്ള സബ്ജക്ട് കോമ്പിനേഷനുകൾ, രണ്ടാം ഭാഷകൾ എന്നിവ
11. അപേക്ഷാഫാറം

ഡയറക്ടർ

അനുബന്ധം 1

# Schools with Linguistic Minority Reservation

| School Code | School Name | Minority Language |
|---|---|---|
| | **Thiruvananthapuram** | |
| 1002 | GOVT. GIRLS HSS, COTTONHILL, TRIVANDRUM, 695010 | Tamil |
| 1023 | GOVT. MODEL BOYS HSS, THYCAUD, TRIVANDRUM, 695014 | Tamil |
| 1036 | GOVT GIRLS HSS, KARAMANA, TRIVANDRUM | Tamil |
| 1041 | GOVT MODEL BOYS HSS, CHALAI, TRIVANDRUM, 695036 | Tamil |
| 1044 | GOVT TAMIL HSS, CHALAI,TRIVANDRUM, 695036 | Tamil |
| | **Idukki** | |
| 6001 | GOVT HSS AMARAVATHY, KUMILY,IDUKKI, 685509 | Tamil |
| 6002 | GOVT TAMIL HSS, DEVIKULAM, IDUKKI | Tamil |
| 6003 | GOVT HSS, KALLAR.P.O,PATTAM COLONY, IDUKKI, 685552 | Tamil |
| 6004 | GOVT HSS, KUMILY, IDUKKI, 685509 | Tamil |
| 6005 | GOVT HSS,KUNCHITHANNI,IDUKKI | Tamil |
| 6006 | GOVT TRIBAL HSS, MURIKKATTUKUDI, IDUKKI, 686511 | Tamil |
| 6007 | CPM GOVT HSS, PEERUMEDE.P.O, IDUKKI, 685531 | Tamil |
| 6008 | GOVT TRIBAL HSS, POOMALA.P.O, IDUKKI, 685588 | Tamil |
| 6009 | GOVT HSS,RAJAKKAD,PONMUDI,IDUKKI, 685566 | Tamil |
| 6010 | GOVT GHSS, THODUPUZHA, IDUKKI, 685584 | Tamil |
| 6011 | GOVT HSS, VELLATHOOVAL, IDUKKI, 685563 | Tamil |
| 6012 | GOVT HSS,KUTTIPLANGAD,IDUKKI, 686514 | Tamil |
| 6013 | GOVT HSS, KUDAYATHOOR.P.O, IDUKKI, 685590 | Tamil |
| 6014 | GOVT VHSS,RAJAKUMARI,IDUKKI, 685619 | Tamil |
| 6015 | MULLARINGADU HSS,MULLARINGADU,IDUKKI, 685582 | Tamil |
| 6016 | NEHRU SMARAKA PANCHAYATH HSS, PUTTADY, IDUKKI, 685551 | Tamil |
| 6054 | GOVT. HSS, MARAYOOR, IDUKKI, 685620 | Tamil |
| 6055 | GOVT. HSS, THOPRANKUDY, IDUKKI, 685515 | Tamil |
| 6056 | GOVT. TRIBAL HSS, PERINGASSERY, UDANBANNUR, THODUP, 685581 | Tamil |
| 6057 | GOVT. HSS, PANICKANKUDY, KONNATHADI, IDUKKI, 685564 | Tamil |
| 6058 | GOVT. HSS, PATHINARAMKANDAM, VATHIKUDY, IDUKKI, 685604 | Tamil |
| 6059 | VAGUVARRAI GOVT. HSS, IDUKKI, 685614 | Tamil |
| 6060 | CHANDUVARAI GOVT. HSS, S.P.PURAM.P.O, IDUKKI, 685617 | Tamil |
| 6061 | ELAPPARA PANCHAYATH HSS, ELAPPARA.P.O,IDUKKI, 685501 | Tamil |
| 6062 | VANDIPERIYAR PANCHAYAT HSS, IDUKKI, 685533 | Tamil |
| 6066 | Govt. H S S, Bison Valley | Tamil |
| 6067 | Govt. Tribal H S S, Kattappana | Tamil |
| 6068 | Govt. H S S,Vagamon | Tamil |
| 6069 | Govt. H S S, Anakkara | Tamil |
| 6070 | Govt. H S S, Vattavada | Tamil |
| | **Palakkad** | |
| 9002 | GOVT BHSS, CHITTUR, PALAKKAD, 678104 | Tamil |
| 9005 | GOVT HSS, KODUVAYUR, PALAKKAD, 678501 | Tamil |
| 9008 | PMG HSS, PALAKKAD | Tamil |
| 9009 | GOVT.M M G. HSS, PALAKKAD, 678001 | Tamil |
| 9015 | GOVT HSS, BIG BAZAAR CITY.P.O, PALAKKAD, 678014 | Tamil |
| 9019 | GOVT HSS, KANJIKODE, PALAKKAD, 678621 | Tamil |
| 9022 | GOVT BOYS HSS, NEMMARA, PALAKKAD, 678508 | Tamil |
| 9023 | GHSS, KOZHIPARA, PALAKKAD | Tamil |
| 9024 | GOVT. VICTORIA GHSS, CHITTUR, PALAKKAD, 678101 | Tamil |
| 9025 | GOVT HSS, MUTHALAMADA, PALAKKAD, 678507 | Tamil |
| 9031 | PANCHAYAT HSS, PERUMATTY, KANNIMARI,CHITTUR, PALAKKAD, 678534 | Tamil |

| | | |
|---|---|---|
| 9036 | KKMHSS VANDITHAVALAM, PALAKKAD, 678534 | Tamil |
| 9045 | ST PAUL'S HSS, KOZHINJAMPARA, PALAKKAD, 678555 | Tamil |
| 9079 | BHAGAVATHI GOVT. HSS, VANNAMADA, CHITTUR, PALAKKAD, 09079 | Tamil |
| 9081 | GOVT. GIRLS HSS, NEMARA, PALAKKAD, 678508 | Tamil |
| 9090 | GOVT. SM HSS, Thathamangalam, PLKD, sub of 09037 and 09046 also, 678102 | Tamil |
| **Kasaragod** | | |
| 14003 | GOVT HSS KUMBLA P.O, KUMBLA, KASARGODE, main of 14063 also, 671321 | Kannada |
| 14005 | GOVT HSS, MOGRALPUTHUR, KASARGODE, 671128 | Kannada |
| 14013 | GOVT HSS, PADRA P.O, VANINAGAR, KASARGODE, 671552 | Kannada |
| 14014 | GOVT HSS, PAIVALIKA NAGAR, KASARGOD, 671324 | Kannada |
| 14017 | GOVT HSS, UDUMA, KASARGODE, 671319 | Kannada |
| 14022 | H.H.S.I.B.SWAMIJI'S HSS, EDNEER P.O, KASARGODE, 671541 | Kannada |
| 14024 | SS HSS, KATTUKUKKE P.O, KASARGODE, 671552 | Kannada |
| 14028 | B.A.R HSS, BOVIKAN, KASARGODE, sub of 14025 also, 671542 | Kannada |
| 14038 | GOVT. HSS, BANGRA MANJESHWARAM, KASARGODE, 671323 | Kannada |
| 14039 | GOVT. HSS, UPPALA P.O, KASARGODE, 671322 | Kannada |
| 14041 | GOVT. VHSS FOR GIRLS, KASARGODE, 671121 | Kannada |
| 14043 | GOVT. HSS, KASARGODE | Kannada |
| 14044 | GOVT. HSS, EDANEER P.O, KASARGODE | Kannada |
| 14045 | GOVT. VHSS, MULLERIYA, KASARGODE, 671543 | Kannada |
| 14046 | GOVT. HSS, BELLERU, KASARGODE, 671543 | Kannada |
| 14051 | GOVT. HSS, ANGADIMOGAR, KASARGODE | Kannada |
| 14053 | GOVT. HSS, ADOOR, ELAMPADY PANCHAYATH, KASARGODE, 671543 | Kannada |
| 14058 | GOVT. HSS, ADHOOR, KARADUKKA PANCHAYATH, KASARGODE, 671543 | Kannada |
| 14063 | GOVT. HSS, BEKOOR .P.O, KASARGODE, 671322 | Kannada |
| 14064 | GOVT. HSS, BANDADUKKA P.O, KASARGODE, 671541 | Kannada |
| 14068 | GOVT.FISHERIES. HSS, BEKKAL, KASARGODE, 671318 | Kannada |
| 14069 | GOVT. HSS, MANGALPADY P.O, KASARGODE, 671324 | Kannada |
| 14081 | GOVT.H.S.S, PAIVALIK, KASARAGOD, NEC, 671348 | Kannada |

## അനുബന്ധം 2

# സംവരണാനുകൂല്യമുള്ള സമുദായങ്ങളുടെ പട്ടിക

**Code 2 - ETB** - Ezhava including Ezhavas, Thiyyas, Ishuvan, Izhuvan, Illuvan and Billava

**Code 3 - Muslim** - Muslims (all sections following Islam)

**Code 4 - Latin Catholic , SIUC, Anglo-Indian**

**Code 5 - Other Backward Christian** – including Converts from Scheduled Castes to Christianity

**Code 6 - Other Backward Hindu**

| | |
|---|---|
| Agasa | Kuruba |
| | Kurumba |
| Aremahrati | Maravan (Maravar) |
| | Madivala |
| Arya including Dheevara/Dheevaran Atagara, Devanga, Kaikolan, (Sengunthar) Pattarya, Saliyas (Padmasali, Pattusali, Thogatta, Karanibhakatula, Senapathula, Sali, Sale, Karikalabhakulu, Chaliya) Sourashtra, Khatri, Patnukaran, Illathu Pillai, Illa Vellalar, Illathar | Maruthuvar |
